# INDIAN SCHOOL DARSAIT
## MODEL QUESTION PAPER– FEBRUARY,2018
## MALAYALAM(3rd Language)

| | |
|---|---|
| Class: VI | Max.Marks:80 |
| Date: | Time: 2hrs |

***General Instructions:***

*All questions are compulsory.

* All questions must be attempted in the correct order.

| | **SECTION-A** | |
|---|---|---|
| I. | താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.<br>ഒരിക്കൽ കാട്ടിലെ രാജാവായ സിംഹത്തിന് ഒരു രോഗം വന്നു. അദ്ദേഹം വൈദ്യനായ കുറുക്കനെ വിളിച്ചുവരുത്തി. എന്നിട്ട് പറഞ്ഞു:<br>‘നമുക്ക് എപ്പോഴും ദേഷ്യം വരും .ദേഷ്യം വരുമ്പോൾ വല്ലതും പറയും. പിന്നെ അതോർത്ത് ദുഃഖിക്കും . ഈ രോഗം മാറ്റാൻ എന്താണൊരു മരുന്ന്?“<br>കുറുക്കൻ പറഞ്ഞു: ”തിരുമേനി, ഇതിന് മരുന്നൊന്നും എൻെറ കൈവശമില്ല. പക്ഷേ ഒരു മന്ത്രമുണ്ട് അത് ചൊല്ലിയാൽ മതി.“<br>സിംഹം : ”എന്താടോ ആ മന്ത്രം?“<br>കുറുക്കൻ: ”ഒന്നു മുതൽ പത്തു വരെ എണ്ണുക.“<br>ഇതു കേട്ടപ്പോൾ രാജാവിന് ദേഷ്യം വന്നു.<br>”ആരവിടെ ഇവനെ ഉടനെ കൊണ്ടുപോയി തൂക്കിക്കൊല്ലൂ!“ എന്നിങ്ങനെ കല്പിക്കാനാണ് വായിൽ തോന്നിയത്. പക്ഷേ വൈദ്യനായ കുറുക്കനെ കൊന്നാൽ പിന്നീട് വിഷമിക്കേണ്ടി വരും. അതിനാൽ സിംഹം കുറുക്കൻ പറഞ്ഞതു പോലെ പത്തുവരെ മനസ്സിൽ എണ്ണി. കോപം ഇല്ലാതായി. പിന്നെ ദേഷ്യം വരുമ്പോഴെല്ലാം സിംഹം പത്തുവരെ എണ്ണുന്നതു പതിവാക്കി.<br>ദേഷ്യം വരുമ്പോൾ പ്രജകളും തന്നെപ്പോലെ പത്തുവരെ എണ്ണണമെന്ന് രാജാവ് ഉത്തരവിട്ടു.<br>1. കാട്ടിലെ വൈദ്യൻ ആരായിരുന്നു?<br>2. ആർക്കാണ് എപ്പോഴും ദേഷ്യം വരുന്നത്?<br>3. കുറുക്കൻ രാജാവിനു പറഞ്ഞുകൊടുത്ത മന്ത്രം എന്തായിരുന്നു? | <br><br><br><br><br><br><br><br><br><br><br>2<br>2<br>2 |

| | | |
|---|---|---|
| | 4. രാജാവിൻെറ ഉത്തരവ് എന്തായിരുന്നു?<br>5. ഈ കഥയ്ക്ക് ഉചിതമായ ഒരു പേര് നല്കുക. | 2<br>2 |
| 2. | ആശയം വിപുലീകരിച്ച് ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക.<br>'ചങ്ങാതി നന്നായാൽ കണ്ണാടിവേണ്ട.' | 5 |
| | **SECTION-B** | |
| 3. | അടിയിൽ വരയിട്ടിരിക്കുന്ന പദത്തിൻെറ എതിർലിംഗം ചേർത്ത് വാക്യം മാറ്റി എഴുതുക.<br>1. ഷൈനി <u>ചേട്ടൻെറ</u> കൂടെ പാർക്കിൽ പോയി.<br>2. മാധവൻ ഒരു <u>കാളയെ</u> വാങ്ങി. | 2 |
| 4. | ഉചിതമായ രൂപം ചേർത്ത് വാക്യം പൂരിപ്പിക്കുക.<br>1. കുട്ടികൾ അവധിക്കാലത്ത് കളിക്കാനായി ഒരു പുതിയ ................. വാങ്ങി. (പന്ത്, പന്തുകൾ)<br>2. അമ്മൂമ്മ എല്ലാ .................... കഥകൾ പറഞ്ഞു കൊടുത്തു. (കുട്ടിക്കും, കുട്ടികൾക്കും) | 2 |
| 5. | വാക്യത്തിൽ പ്രയോഗിക്കുക.<br>1. അവിസ്മരണീയം<br>2. ചുറ്റിക്കറങ്ങുക | 2 |
| 6. | ശരിയായ പദങ്ങൾ എടുത്തെഴുതുക.<br>1. സഹോധരി – സഹോദരി<br>2. സ്വർഗ്ഗം – സൊർഗ്ഗം<br>3. ലഭ്യത – ലഫ്യത<br>4. സൗഹ്രദം – സൗഹൃദം | 2 |
| 7. | വാക്യം ക്രമപ്പെടുത്തുക.<br>1. മാലാഖമാർ/ പാതിരാവിൻ/ പിറന്ന/ പാടി/ യേശു<br>2. പണവും/ അകലെയുള്ള/ഇരിക്കുന്നത്/ കുറെ/ഹോട്ടലിലാണ്/ പെട്ടിയുമെല്ലാം | 2 |
| 8. | പിരിച്ചെഴുതുക.<br>1. അകലെയുള്ള<br>2. ലോകമെങ്ങും | 2 |

| | | |
|---|---|---|
| 9. | ചേർത്തെഴുതുക.<br>1. മങ്ങാതെ + ഇരിപ്പാൻ<br>2. കാറ്റ് + എങ്ങാൻ | 2 |
| 10. | താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ നിന്നും നാമം എടുത്തെഴുതുക.<br>1. കുട്ടി പട്ടം പറത്തി<br>2. രാമു പുസ്തകം വാങ്ങി | 2 |
| 11. | പര്യായപദങ്ങൾ എഴുതുക.<br>1. കുതിര<br>2. കണ്ണ് | 2 |
| 12. | നാനാർത്ഥം എഴുതുക.<br>1. വീണ<br>2. മാനം | 2 |
| | **<u>SECTION - C</u>** | |
| 13 | അർത്ഥം എഴുതുക.<br>1. വീഥി<br>(അളവ്, നീലം, വഴി)<br>2. അരിശം<br>(സങ്കടം, ദേഷ്യം, സന്തോഷം) | 2 |
| 14. | വിപരീതപദം എഴുതുക.<br>1. സ്മരിക്കുക<br>(വിസ്മരിക്കുക, അസ്തമിക്കുക, അനുസരിക്കുക) | 2 |
| 15. | ഒറ്റവാക്കെഴുതുക.<br>1. മരത്തിൻെറ ചുവട്<br>2. ഗായകരുടെ സംഘം | 2 |
| 16. | താഴെ കൊടുത്തിരിക്കുന്ന സംഖ്യകൾ അക്ഷരത്തിൽ എഴുതുക.<br>1. 7<br>2. 19 | 2 |
| 17. | പഴഞ്ചൊല്ലുകൾ പൂരിപ്പിക്കുക.<br>1. കണ്ടാലറിയാത്തവൻ ..............................<br>2. ചൊട്ടയിലെ ശീലം .................................<br>3. തീയിൽ കുരുത്തത് ............................... | 3 |

| | | |
|---|---|---|
| | **SECTION-D** | |
| 18. | പാഠപുസ്തകത്തിലേതുപോലെ പൂരിപ്പിക്കുക (8 വരി)<br>ആലായാൽ .......................................................................<br>.........................................................................................ഗുണം വേണം | 4 |
| 19. | ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.<br>1. 'സഹോദരിക്കൊരു തൊപ്പി' എന്ന പാഠം എഴുതിയത് ആര്?<br>(പ്രൊഫ. എസ്. ശിവദാസ്, പായിപ്ര രാധാകൃഷ്ണൻ, ഇ. കെ കരുണാകരൻ നായർ)<br>2. ഒരു നല്ല ചിത്രം വരച്ചപോലെ കാണപ്പെടുന്നതെന്ത്?<br>(ഇളകിപ്പറക്കുന്ന പക്ഷികൾ, നെല്പാടവീഥികൾ, വരിവരി നില്ക്കുന്ന കുന്നുകൾ)<br>3. ഏതു മാസമാണ് ക്രിസ്മസ് ആഘോഷിക്കുന്നത്?<br>(ഡിസംബർ, നവംബർ, സെപ്റ്റംബർ)<br>4. പടയ്ക്കു ...............നല്ലൂ<br>(രാമൻ, ഭരതൻ, ലക്ഷ്മണൻ)<br>5. മഹാന്മാർ ............. വിശ്വസിക്കുന്നു.<br>(പ്രവൃത്തിയിൽ, പ്രസംഗത്തിൽ, പദവിയിൽ)<br>6. 'ബാല്യകാല സഖി' എഴുതിയത് ആര്?<br>(എം.ടി. വാസുദേവൻ നായർ, വൈക്കം മുഹമ്മദ് ബഷീർ, ടി. പത്മനാഭൻ) | 1x6=6 |
| 20. | എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക.<br>1. ഇടയന്റെ പാട്ടിൽ അലിഞ്ഞൊഴുകുന്നതെന്ത്?<br>2. ക്രിസ്മസ്രാത്രിയിൽ കുട്ടികളെ തേടിയെത്തുന്നതാരാണ്? അദ്ദേഹത്തിന്റെ വേഷമെങ്ങനെയാണ്?<br>3. രാമൻ, സീത, ലക്ഷ്മണൻ എന്നിവരുടെ ഏതൊക്കെ കഴിവുകളെക്കുറിച്ചാണ് പറയുന്നത്?<br>4. 'മജീദ് മാവിൽ കയറി മാങ്ങ പറിച്ചു തിന്നാതിരിക്കാൻ സുഹ്റ പൊട്ടിച്ച അധികാര വെടി എന്തായിരുന്നു?<br>5. ക്രിസ്മസ് എന്തിന്റെ ഓർമ്മ ദിനമാണ്?<br>6. "വില കേട്ടപ്പോൾ അല്പം വിഷമത്തിലായി." എന്തിന്റെ വില കേട്ടപ്പോഴാണ് വിഷമത്തിലായത്? കാരണമെന്ത്? | 6x4=24 |